മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടീസുവേണം.

മിസ്റ്റർ പി. കെ. ഡീവർ: ചില പുസ്തകങ്ങളുടെ കാലാവധി നീട്ടി കൊടുത്തിട്ടുണ്ടെന്നു് കാണുന്നുണ്ടു്. ആ പുസ്തകങ്ങളെങ്കിലും ശരിയായിട്ടു് വിതരണം ചെയ്യാൻ ഗവർമ്മെണ്ടു് വിചാരിച്ചാൽ സാധിക്കുമോ?

Mr. K. balakrishna Menon *(Minister for Food and Edueation):* We are trying our best.

മിസ്റ്റർ പി. ആർ. കൃഷ്ണനെഴുത്തച്ഛൻ: School Final ക്ലാസ്സിലേക്കുള്ള സംസ്കൃത text book എവിടെനിന്നാണു് വരുന്നതെന്നറിയാമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അറബി Teachers-നു് പ്രത്യേകം പരീക്ഷ വെച്ചിട്ടുള്ളതിനു് പുറമെ പുസ്തകങ്ങളും prescribe ചെയ്തിട്ടുണ്ടു്. ആ പുസ്തകങ്ങളും വിലക്കു കിട്ടുന്നതാണോ എന്നു് ആലോചിച്ചിട്ടാണോ prescribe ചെയ്തിട്ടുള്ളതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ. അന്വേഷിക്കാം.

PERINGALKUTHU HYDRO-ELECTRIC SCHEME—CHECK—MEASUREMENT BY THE EXECUTIVE ENGINEER—PARTICULARS OF

28. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) പെരിങ്ങൽക്കുത്തു വൈദ്യുതപദ്ധതി സംബന്ധിച്ചു് വഴി വെട്ടിതെളിച്ചതിൻറെ പണി ചീഫ് എഞ്ചിനീയർ ചെക്കുമെഷർ ചെയ്തു ശരിയാക്കീട്ടില്ലെന്നു് അദ്ദേഹത്തിൻറെ കീഴുദ്യോഗസ്ഥനായ എക്സിക്യൂട്ടീവു് എഞ്ചിനീയർ ഗവർമ്മെണ്ടിലേക്കു് പരാതി എഴുതി അയച്ചിട്ടുണ്ടെന്നു പത്രങ്ങളിൽ കാണുന്ന വാർത്ത ശരിയാണോ;

(ബി) ശരിയാണെങ്കിൽ ആ റിപ്പോർട്ടിൻറെ പകർപ്പു് മേശപ്പുറത്തു വെക്കുമോ;

(സി) ചീഫ് എഞ്ചിനീയർ ചെക്കുമെഷർ ചെയ്ത പണിയുടെ ചെക്കുമെഷർ വേറെ രാളെക്കൊണ്ടു് ചെക്കുമെഷർ ചെയ്യിക്കുവാൻ തീരുമാനിച്ചിരിക്കുന്നതായി ഗവർമ്മെണ്ടു് ചീഫ് എഞ്ചിനീയരെ അറിയിച്ചിട്ടുണ്ടോ?

റവന്യൂമന്ത്രി ടി. കെ. നായർ:

(എ) അതെ.

(ബി) ആ റിപ്പോർട്ടിന്നു് ഇപ്പോൾ പ്രസിദ്ധീകരിക്കുവാൻ നിവൃത്തിയില്ല.

(സി) ഉവ്വു്.

REMOVING CONTROL ON FOOD AND CLOTHING—STATEMENT BY MINISTER FOR FOOD AND EDUCATION

286. Mr. M. K. Raja *(Mulakunnathukavu)*: Will Government be pleased to state.—

(*a*) is it a fact that the Minister for Food and Education, soon after his assumption of Office, publicly expressed himself in favour of removing all controls on food and clothing in the state;

(*b*) if so, whether that view represents the view of the Government on the matter, or only the personal opinion of the Minister;

(*c*) if the Government do not share the views of the Minister, what is the position of this Covernment in regard to this subject?

Mr. K. Balakrishna Menon *(Minister for Food and Education)*:

(*a*) No.

(*b*) Does not arise.

(*c*) Does not arise.

Mr. M. K. Raja *(Mulakunnathukavu)*: Will the Hon'ble Minister be pleased to state what the position of the Government is with regard to this matter?

Mr. K. Balakrishna Menon *(Minister for Food and Education)*: Even with regard to the first answer, I might say that there was one press conference in which I said except on rice, wheat and kerosene, it was my idea, as well as the idea of the Government, to remove control and not on all articles. There was no idea of taking away all controls on all articles.

Mr. M. K. Raja *(Mulakunnathukavu)*: So, are we to understand that in regard to certain articles the Government's position is that all controls should be removed?

Mr. K. Balakrishna Menon *(Minister for Food and Education)*: Certainly.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: അരി, ഗോതമ്പു്, മണ്ണെണ്ണ ഇവയൊഴിച്ചു് ബാക്കിയുള്ളവയുടെ കൺട്രോൾ എടുത്തുകളയുമെന്നു് പറഞ്ഞിരുന്നു. അതൊക്കെ ഇ

LIBRARY ARCHIVES Kerala Legislative Assembly

പ്പോഴും നടന്നുവരുന്നുണ്ടോ? അതായത് ബാക്കിയുള്ളവയുടെ കൺട്രോൾ എടുത്തുകള ഞ്ഞുപൊ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഉഴന്നു, ശക്കര ഇതൊക്കെ രണ്ടു ദിവസത്തിനു ള്ളിൽ എടുത്തുകളയും.

മിസ്റ്റർ പി. കെ. ഡിവർ: Food Minister-ക്കു അതുപ്രകാരം വല്ലതും നടത്തുവാൻ സാധിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: വിദേ-വിദ്യാഭ്യാസമന്ത്രി അങ്ങിനെ പറയുകയു ണ്ടായിട്ടില്ല.

മിസ്റ്റർ എം. കെ. രാജ: അരി, മണ്ണെണ്ണ, ഗോതമ്പു് ഇവയെ സംബന്ധിച്ചു കൺ ട്രോൾ അടുത്തകാലത്തു് നീക്കം ചെയ്യണമെന്നു ഉദ്ദേശിക്കുന്നുണ്ടോ?

Mr. K. Balakrishna Menon *(Minister for Food and Education):* I might say, Sir, that that is a very difficult question for me to answer at this stage. Of course, the Government would certainly try to tow in line with the policy adopted by the Government of India. That question is being considered. If there is any possibility, we will do that. If it is not in the interest of the country to lift all controls.....

Mr. M. K. Raja *(Mulakunnathukavu):* What are the views of the Government in the matter?

Mr. K. Balakrishna Menon *(Minister for Food and Education):* The views of the Government are just what has been stated by me.

Mr. M. K. Raja *(Mulakunnathukavu):* Instead of simply repeating vaguely "if it is not in the interests of the country, etc.", have the Government got any definite views on the subject?

Mr. K. Balakrishna Menon *(Minister for Food and Education):* That means, it has not been settled.

Mr. P. Govinda Menon *(Ernakulam):* Will the Hon'ble Member realise that the conditions in Cochin are quite different from the conditions in the Dominion of India taken as a whole and therefore it will be a dangerous step to take to follow the Dominion in this particular matter.

Mr. K. Balakrishna Menon *(Minister for Food and Education):* It is exactly so. Government are quite alive to the positi on to realise that and therefore Government have not taken up a decision in that matter.

മിസ്റ്റർ പി. എ. മുഹമ്മദ്അഷ്റഫ്: ഇന്നലത്തെ മദ്രാസ്മെയിൽ കൂടുതൽ അരി ഗവമ്മെണ്ടു് Allot ചെയ്യണമെന്നു് നിവ്വൃന്ധിച്ചു് എഴുതിയിരിക്കുന്നതായി അറിയാമൊ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: പത്രങ്ങളിൽ അങ്ങിനെ കാണുകയുണ്ടായി. എ ന്നാൽ ഗവമ്മെണ്ടിന്റെ കയ്യിലുള്ള Stock മുഴവൻ കഴിഞ്ഞു ബാക്കി എത്രയുണ്ടാകുമെ ന്നു് നിശ്ചയമില്ല.

Mr. P. Govinda Menon *(Ernakulam):* Will the Hon'ble Minister for Food seriously consider the question of making one further representation before the Government of India regarding the peculiar conditions of Cochin in this respect. I do not say that you have not done that.

Mr. K. Balakrishna Menon *(Minister for Food and Education):* I never take things in their bad light. Certainly it will be done. I thank you for the suggestion.

മിസ്റ്റർ കെ. അയ്യപ്പൻ: ഇപ്പോൾ ഗവമ്മെണ്ടിന്നു് റേഷൻ വിതരണം ചെയ്യുന്നതി നു് വേണ്ടിടത്തോളം പ്രൊക്യൂർമെന്റ് ചെയ്തിട്ടു് സപ്ലൈ കൺട്രോളും എടുത്തുകളയാൻ സാധിക്കുമോ? കൺട്രോൾ എടുത്തുകളഞ്ഞാൽ സ്ഥിതിഗതികൾ താനെ നന്നായിക്കൊള്ളു മെന്നു വിശ്വസിക്കാൻ തരമില്ലാത്തതുകൊണ്ടാണു കൺട്രോൾ എടുത്തുകളയാത്തതു്. എ ന്നാൽ ബേസിക്റേഷനുള്ള പ്രൊക്യൂർമെന്റ് നടത്തണം. സപ്ലൈ കൺട്രോളും എടുത്തുകള യുകയാണെങ്കിൽ ഉള്ള ധാന്യം, നെല്ലും അരിയും വാങ്ങിക്കുവാൻ ഉടമസ്ഥനു് മാത്രം പണം കൊടുത്താൽ മതിയാകുമെന്നുള്ളതാണു്. അതുകൊണ്ടു് കൺട്രോൾ എടുത്തുകളയാൻ ആലോ ചിക്കാമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഇതിനെപ്പറ്റി വളരെ ഗൌരവമായി ആലോ ചിച്ചു. ചില ബുദ്ധിമുട്ടുകൾ വരുന്നുണ്ടു്. ഒരു മാസംകൊണ്ടു് കൊച്ചിരാജ്യത്തുണ്ടാകുന്ന നെല്ലു് മുഴവൻ Procure ചെയ്യുവാൻ സാദ്ധ്യമല്ല. വിതരണത്തിലുള്ള കൊയ്ത്തു തുടങ്ങുകയാ

LIBRARY ARCHIVES Kerala Legislative Assembly

ണെങ്കിൽ കക്കടകം മുതൽ തുലാം നാ 0-ാംനു- വരെ ഉണ്ടാകും. അതുകൊണ്ടു് അതിന്റെ ഇടയിൽവെച്ചു് കൺട്രോൾ എടുക്കുവാൻ നിവത്തിയില്ല. To assure a basic quota to all persons, it is not possible. But the idea that was suggested by the Hon'ble Member had already been considered by the Government. Of course, if Hon'ble Members can give healthy suggestions in the matter, that will be welcome. But there is another danger as pointed out by the Hon'ble Leader of the Opposition. Government are alive to that situation also.

MOOLATHARA ANICUT—CONSTRUCTION OF CAUSEWAY—CONTRACT—PARTICULARS OF

287. മിസ്റ്റർ ആർ. എസ്. തേവണ്ണകൌണ്ടർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) മൂലത്തറ അണക്കെട്ടിന്റെ താഴെ ഒരു കാസ്സു്വെ കെട്ടുന്നതിനു് കൺട്രാക്ടു് കൊടുത്തിട്ടുണ്ടോ;

(ബി) എന്നാണു് കൺട്രാക്ടു് കൊടുത്തതു്;

(സി) പണി എന്നുതുടങ്ങി;

(ഡി) അതിന്റെ പണി എത്രയായി;

(ഇ) പണി തീരുന്നതിനു് എത്രനാൾ വേണം;

(എഫ്) പണി പൂത്തിയാക്കീട്ടില്ലെങ്കിൽ പൂത്തിയാക്കാത്തതിന്റെ കാരണമെന്താണു്?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഉവ്വു്.

(ബി) ഫ്രഫ കന്നി ൧-ാംനു- (ഫ്രൻ്റ്സ്സ ഒക്ടോബർ ഫ്രസ-ാംനു-.)

(സി) ഫ്രഫ ധനു ഫ-ാംനു- (ഫ്രൻ്റ്സ്സ ഡിസമ്പർ ഫ്രസ്സ-ാംനു-)

(ഡി) ഏകദേശം പകുതിയായി.

(ഇ) ഉദ്ദേശം രണ്ടുമാസം കൂടി വേണം.

(എഫ്) പണിക്കു വേണ്ടതായ സിമൻറു് സമയത്തിനു കിട്ടാത്തതുകൊണ്ടും, പുഴയിൽ മലവെള്ളമായിരുന്നതുകൊണ്ടും ഉദ്ദേശിച്ച മാതിരി പണി തീർക്കുവാൻ സാധിച്ചില്ല.

MAHARAJA'S COLLEGE INCIDENTS—PARTICULARS OF

288. മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഫ്രൻ്റ്സ്സ ൪ ആഗസ്റ്റു് ഫ്രൻ-ാംനു- എറണാകുളം മഹാരാജാസു് കോളേജിൽ വല്ല കഴപ്പുണ്ടാകുമുണ്ടായോ;

(ബി) എന്തൊക്കെയാണുണ്ടായതു്;

(സി) അതിനെ സംബന്ധിച്ചു പോലീസന്വേഷണം നടത്തുകയുണ്ടായോ;

(ഡി) പോലീസിന്റെ അന്വേഷണം പൂത്തിയാക്കി അവർ നടപടി നടത്തിയോ; ഇല്ലെങ്കിൽ കാരണമെന്തു്; സംഭവത്തെപ്പറ്റി പോലീസന്വേഷണം നിറുത്തിവച്ചുകൊള്ളാമെന്നും അതിനെ സംബന്ധിച്ചു യാതൊരു നടപടിയും എടുക്കുന്നതല്ലെന്നും പ്രധാനമന്ത്രി ഏറ്റിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ

(എ) ഉവ്വു്.

(ബി) കോളേജിലെ എല്ലാ ഗേറ്റുകളിലും പിക്കറ്റിങ്ങു് നടത്തുക, തുടർച്ചയായി കോളേജു് പറമ്പിലും പിന്നിട പ്രിൻസിപ്പാളുടെ മുറിയിലും, ലാബറട്ടറികളിലും ബഹളം കൂട്ടുക, കോളേജു് വരാന്തകളിടയും മറ്റും ചില്ലകം തകർക്കുക, ലാബറട്ടറി സാമാനങ്ങൾ നശിപ്പിക്കുക, മാസ്റ്റർമാരെ ഭീഷോപദ്രവം ചെയ്യുക, കൊച്ചി പതാക നാശപ്പെടുത്തുക മുതലായവ.

(സി) & (ഡി) ആദ്യം പോലീസന്വേഷണം നടത്തുവാൻ തീരുമാനിച്ചു. എന്നാൽ അതു് പൂത്തിയാകുന്നതിനുമുമ്പു് വേണ്ടെന്നുവെക്കുകയും ചെയ്തു. ചോദ്യത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഒന്നും പ്രധാനമന്ത്രി ഏറ്റിരുന്നില്ല.

BRIDGE OVER "ചെറളിപുഴ"—KATTAKAMPAL VILLAGE—PARTICULARS OF

289. **Mr. Paramel Ipe Ipe** *(Kunnamkulam)*: Will Government be pleased to state.—

(*a*) whether estimate for the construction of a bridge over "ചെറളിപുഴ" in Kattakampal village in Talapalli Taluk has been sent up last year for the purpose of including it in this year's budget?

LIBRARY ARCHIVES Kerala Legislative Assembly